കേരളത്തിൽ അധിക ചൂഷണ ബ്ലോക്ക് ആയി തരം തിരിച്ചിരിക്കുന്നത് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് മാത്രമാണ്. ഇവിടെ വൻതോതിൽ കൃഷി ആവശ്യങ്ങൾക്കായി ഭൂജലം ഉപയോഗിക്കുന്നതുകൊണ്ടും മഴയുടെ അളവ് വളരെ കുറവായതുകൊണ്ടുമാണ് ഭൂജല നിരപ്പിൽ കുറവ് അനുഭവപ്പെടുന്നത്. അമിത ചൂഷണ ബ്ലോക്കായ ചിറ്റൂരിൽ കൃത്രിമ ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി പ്രത്യേകം സമഗ്രമായ പഠനം നടത്തിവരുന്നു.

മിഷൻ 676 ന്റെ ഭാഗമായി ജല വിഭവ വകുപ്പ് ഏറ്റെടുത്തിട്ടുള്ള പരിപാടികൾ

114 (8174) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി ജലവിഭവ വകുപ്പ് ഏറ്റെടുത്തിട്ടുള്ള പരിപാടികൾക്ക് 2014-15-ലെ ബജറ്റിൽ ഈ പദ്ധതികൾ നടപ്പാക്കാൻ നീക്കിവച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയാക്കുന്നതിന് ഉദ്ദേശിച്ചുള്ള സമയബന്ധിത പരിപാടിയാണ് മിഷൻ 676. മിഷൻ 676 എന്ന പേരിൽ പ്രത്യേക തുകയൊന്നും ബഡ്ജറ്റിൽ ഇല്ല. എന്നാൽ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾക്കായി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 595.80 കോടിയിൽനിന്നും ജലനിധി പദ്ധതിക്കുവേണ്ടി വകയിരുത്തിയ 200 കോടി രൂപയിൽനിന്നും ഈ പദ്ധതിക്ക് ആവശ്യമായ തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കേന്ദ്ര പദ്ധതികളുടെ വിഹിതമായി ലഭിക്കുന്ന 122.32 കോടി രൂപയും ഈ പദ്ധതിക്കായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

പറമ്പിക്കുളം ആളിയാർ നദീജല കരാറുപ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം

115 (8175) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാറുപ്രകാരം കേരളത്തിനു ലഭിക്കേണ്ട ജലം തമിഴ്നാടിൽ നിന്ന് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാർ പുതുക്കുന്നതിനും കേരളത്തിന് കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്നതിനും ആലോചിച്ചിട്ടുണ്ടോ ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എ.പി. കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം ലഭ്യമാക്കുന്നതിന് വകുപ്പുതലത്തിലും സർക്കാർ തലത്തിലും സമയോചിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) കരാർ പുതുക്കുവാൻ പി.എ.പി. കരാറിൽ പ്രത്യേകം വ്യവസ്ഥയില്ല. എന്നാൽ ഓരോ മൂപ്പത് വർഷം കൂടുമ്പോൾ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാവുന്നതാണ്. കരാർ പുനരവലോകനം ചെയ്യുന്നതിന്റെ ഭാഗമായി നടന്നിട്ടുള്ള ചർച്ചകളിൽ കൂടുതൽ ജലം ലഭ്യമാക്കുന്നതിന് ശക്തമായ നിലപാടുകൾ കേരളം സ്വീകരിച്ചിരുന്നു. ഇടർന്നും ഇതേ സമീപനം കൈക്കൊണ്ടുതന്നെ പരമാവധി ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്.

അച്ചൻകോവിലാറിലും കോട്ടത്തോടിലും ചെക്ക്ഡാമുകൾ

116 (8176) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ അച്ചൻകോവിലാറിലും കോട്ടത്തോടിലും ചെക്ക്ഡാം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത രണ്ട് ചെക്ക്ഡാമുകളുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ചെക്ക്ഡാം നിർമ്മിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ചെക്ക്ഡാമുകളുടെ നിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly